(ബി) ഡീസൽ വില ഇടിഞ്ഞ സാഹചര്യത്തിൽ യാത്രാ-ചരക്ക് കൂലികൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോ ; കടത്ത് കൂലി കുറയ്ക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വൻ കുറവ് ഉണ്ടാകുന്ന സാഹചര്യം കൂടി പരിഗണിച്ച് യാത്രാ-ചരക്ക്കൂലി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡീസൽ വില കുറഞ്ഞ സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച വരികയാണ്. 20-5-2014 മുതൽ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്കിലെ വർദ്ധനവ് നടപ്പിൽ വരുത്തിയതിനു ശേഷം ഡീസൽ നിരക്കിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ടയർ, സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആകയാൽ ഡീസൽ വിലയിലുണ്ടാകുന്ന വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാ നിരക്കിൽ മാറ്റം വരുത്തുന്നത് അനുപേക്ഷണീയമല്ല. ചരക്ക് കൂലി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടില്ല.

കോഴിക്കോട് ജില്ലയിൽ ലോ ഫ്ലോർ ബസ് സർവീസുകൾ

331 (337) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് ജില്ലയിൽ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ എത്ര ലോ ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഏതെല്ലാം റൂട്ടുകളിലാണ് ഈ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ റൂട്ടുകളിലാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 16 എ.സി. ലോ ഫ്ളോർ പ്രീമിയം ബസുകളും 37 നോൺ എ.സി. ബസുകളും ഉൾപ്പെടെ 53 ബസ്സുകൾ സർവ്വീസ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി)	കോഴിക്കോട്	-	മാവൂർ
	കോഴിക്കോട്	-	മുക്കം
	കോഴിക്കോട്	-	കൊയിലാണ്ടി
	രാമനാട്ടുകര	-	മെഡിക്കൽ കോളേജ്
	കോഴിക്കോട്	-	അടിവാരം
	കോഴിക്കോട്	-	പേരാമ്പ്ര
	കോഴിക്കോട്	-	യൂണിവേഴ്സിറ്റി
	കോഴിക്കോട്	-	കാപ്പാട്
	കോഴിക്കോട്	-	എയർപോർട്ട്
	കോഴിക്കോട്	-	ബാലുശ്ശേരി
	കോഴിക്കോട്	-	ബേപ്പൂർ
	കോഴിക്കോട്	-	കടലുണ്ടി
	ഫറൂക്ക്	-	എലത്തൂർ എന്നീ റൂട്ടുകളിലാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്
(സി)	കോഴിക്കോട്	-	കൊയിലാണ്ടി
	കോഴിക്കോട്	-	ബാലുശ്ശേരി
	ഫറൂക്ക്	-	എലത്തൂർ
	കോഴിക്കോട്	-	പേരാമ്പ്ര
	കോഴിക്കോട്	-	കാപ്പാട് എന്നീ റൂട്ടുകളിലാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്.